Media Commission
Diocese Of Idukki

ഇടുക്കി രൂപതാ മുഖപത്രം
# ഇടയൻ
THE SHEPHERD

Eparchy Of Idukki

വാല്യം : 3 ലക്കം : 1 ഒക്ടോബർ 2022

# യുവ പ്രസരിപ്പിൽ കെ.സി.വൈ.എം സംസ്ഥാന കലോത്സവം



ആവേശോജ്വലമായ കെസിവൈഎം സംസ്ഥാന കലോത്സവത്തിന് ആദ്യമായി ഇടുക്കി വേദിയായി. കേരള സഭയിലെ 22 രൂപതുകളിൽ നിന്നായി 2500 ഓളം പ്രതിഭകൾ മാറ്റുരച്ചു. ആയിരക്കണക്കിന് യുവജനങ്ങൾ അണിനിരന്ന വിളംബര റാലിയോടെയാണ് കലോത്സവത്തിന് തുടക്കം കുറിച്ചത്. കട്ടപ്പന മുനിസിപ്പൽ മൈതാനിയിൽ നിന്നും ആരംഭിച്ച വിളംബര റാലി ഇടുക്കി രൂപത വികാരി ജനറൽ മോൺ ജോസ് പ്ലാച്ചിക്കൽ ഫ്ളാഗ് ഓഫ് ചെയ്തു. റാലി വെള്ളയാംകുടി സെന്റ് ജെറോംസ് സ്കൂൾ ഗ്രൗണ്ടിൽ എത്തിച്ചേർന്നപ്പോൾ സംസ്ഥാന പ്രസിഡന്റ് ശ്രീ ഷിജു ഇടയാടിയിൽ പതാക ഉയർത്തി. കെ.സി.ബി.സി യുവജന കമ്മീഷൻ ചെയർമാൻ മാർ. ക്രിസ്തുദാസ് കലോത്സവം ഉദ്ഘാടനം ചെയ്തു. കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ, ശ്രീ ഡീൻ കുര്യാക്കോസ് എംപി, മോൺ. ജോസ് പ്ലാച്ചിക്കൽ, സംസ്ഥാന ഡയറക്ടർ ഫാ സ്റ്റീഫൻ തോമസ്, രൂപത ഡയറക്ടർ ഫാ ജോസഫ് നടുപ്പടവിൽ, രൂപത പ്രസിഡന്റ് ശ്രീ അലക്സ് തോമസ് എന്നിവർ പ്രസംഗിച്ചു.അഞ്ച് സ്റ്റേജുകളിലായി 20 വ്യത്യസ്ത ഇനങ്ങളിൽ നൂറു കണക്കിന് മത്സരാർത്ഥികൾ പങ്കെടുത്തു. രണ്ട് ദിവസങ്ങളിലായി നടന്ന മത്സരത്തിൽ നെയ്യാറ്റിൻകര, മാനന്തവാടി, ഇരിങ്ങാലക്കുട എന്നീ രൂപതകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സംസ്ഥാന കലോത്സവ വേദിയിൽ ഇടുക്കി രൂപത അഞ്ചാം സ്ഥാനവും സ്വന്തമാക്കി.




## യുവജനങ്ങൾ വിശ്വാസം പ്രഘോഷിക്കാൻ പര്യാപ്തരാകണം : റോഷി അഗസ്റ്റിൻ



ജീവിതത്തിൽ അനുഭവിച്ച ദൈവവിശ്വാസം മടികൂടാതെ പ്രഘോഷിക്കാൻ യുവജനങ്ങൾ ധൈര്യം കാണിക്കണമെന്ന് കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ. കെസിവൈഎം സംസ്ഥാന കലോത്സവത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തന്റെ ജീവിതത്തിൽ ദൈവം ഇടപെട്ട് അനുഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. ആ ദൈവത്തിൽ തനിക്ക് വിശ്വാസവും ഉണ്ട്. ആ വിശ്വാസം പരസ്യമായി ഏറ്റു പറയാൻ തനിക്ക് മടി ഉണ്ടായിട്ടില്ല. എല്ലാവർഷവും പെസഹാ വ്യാഴാഴ്ച അപ്പം മുറിക്കൽ കഴിഞ്ഞ് മലയാറ്റൂരിലേക്ക് കാൽനടയായി യാത്ര ചെയ്യുന്ന പതിവുണ്ട്. ഒരു വർഷം പോലും അത് മുടങ്ങാതെ ദൈവം പരിപാലിച്ചിട്ടുണ്ട്. സമൂഹത്തിൽ ജീവിക്കുമ്പോൾ ബോധ്യങ്ങളിൽ ആഴപ്പെട്ടുകൊണ്ട് അതിൽ ജീവിക്കണം. അത് ഏറ്റു പറയുവാനുള്ള ധൈര്യം കാണിക്കണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു. കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന് ആശംസകൾ നേർന്നു കൊണ്ടാണ് അദ്ദേഹം യാത്രയായത്.






മയക്കുമരുന്ന് വിപണനവും ഉപയോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരി സംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരി കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ്, ലഹരി ഉപയോഗം കനത്ത തോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീ യുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽ നിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്. ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു.മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം. നമ്മുടെ സമൂഹത്തിന്റെ നിലനില് പിനും നന്മയ്ക്കും വേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കണം

## മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും അഭിഷിക്തരായി



പ്രാർത്ഥനാനിർഭരമായ ധന്യമായ അന്തരീക്ഷത്തിൽ ഷംഷാബാദ് രൂപതയുടെ സഹായ മെത്രാന്മാരായി മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും അഭിഷിക്തരായി. ഷംഷാബാദിലെ ബാഡംഗ്പേട്ട് ബാലാജി നഗറിലുള്ള സികെആർ ആൻഡ് കെടിആർ കൺവൻഷൻ സെന്ററിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ തിങ്ങിനിറഞ്ഞ വിശ്വാസി സമൂഹത്തിന്റെ സാന്നിധ്യത്തിലാണ് മെത്രാഭിഷേക ചടങ്ങുകൾ നടന്നത്. ഇരുപത്തഞ്ചോളം ബിഷപ്പുമാർ ചടങ്ങിൽ പങ്കെടുത്തു. സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കൈവയ്പിലൂടെയാണ് ഇരുവരും അഭിഷിക്തരായത്. ആദ്യം മാർ ജോസഫ് കൊല്ലംപറമ്പിലിനും തുടർന്ന് മാർ തോമസ് പാടിയത്തിനും കർദ്ദിനാൾ സ്ഥാന ചിഹ്നങ്ങൾ കൈമാറി. മെത്രാഭിഷേക ചടങ്ങിനുശേഷം മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിച്ചു.




## രൂപതാ കലോത്സവം: പാറത്തോട്, വാഴത്തോപ്പ്, തങ്കമണി മികച്ച മേഖലകൾ

മിഷൻലീഗ് ഇടുക്കി രൂപതാതല കലോത്സവത്തിന് മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ വേദിയായി. ഒക്ടോബർ എട്ടാം തീയതി രാവിലെ 9.30ന് പ്രസിഡന്റ് ജോർജ്ജുകുട്ടി സെബാസ്റ്റ്യൻ പതാക ഉയർത്തി ആരംഭിച്ച മത്സരങ്ങൾ ഉച്ചകഴിഞ്ഞ് 3.30ന് അവസാനിച്ചു. 9 സ്റ്റേജുകളിലായി നടന്ന പ്രസംഗം, പാട്ട്, ബൈബിൾ വായന, മിഷൻക്വിസ് എന്നീ മത്സരങ്ങളിൽ സബ്ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ വിഭാഗങ്ങളിലായി ആൺകുട്ടികളും പെൺകുട്ടികളും തിരിച്ച് 850ഓളം മത്സരാർത്ഥികൾ മാറ്റുരച്ചു. വാശിയേറിയ മത്സരങ്ങളിൽ പാറത്തോട്, വാഴത്തോപ്പ്, തങ്കമണി എന്നീ മേഖലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിക്കൊണ്ട് മികച്ച മേഖലകളായി തെരഞ്ഞെടുക്കപ്പെട്ടു.



## എഡിറ്റോറിയൽ

# ഹൈറേഞ്ചിന്റെ നടുവൊടിച്ച് നിർമ്മാണ നിരോധനം



ഇടുക്കിയിലെ കർഷകർക്ക് ഒന്നിനുപുറകെ ഒന്നായി ജീവിതം വഴിമുട്ടിക്കുന്ന സാഹചര്യങ്ങൾ രൂപപ്പെടുകയാണ്. വലിയ പ്രതീക്ഷയോടെ ജീവിതം കരുപ്പിടുപ്പിക്കാൻ നാട്ടിൻപുറങ്ങളിൽ നിന്ന് മലമുകളിലേക്ക് കുടിയേറിയ ജനത കഴിഞ്ഞ നാളുകളിൽ അതിജീവന പോരാട്ടത്തിലാണ്. ജില്ലാ രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ എത്തിയിട്ടും ഇവിടുത്തെ പ്രശ്നങ്ങൾ തീരുന്നില്ല എന്ന് മാത്രമല്ല കൂടുതൽ സങ്കീർണ്ണമാവുകയാണ്. വാഗ്ദാനങ്ങളുടെ റൊട്ടിക്കഷണങ്ങൾ നൽകി ജനപ്രതിനിധികൾ ജനത്തെ കബളിപ്പിക്കുകയും മനുഷ്യത്വരഹിതമായി നിയമം നടപ്പിലാക്കി ഉദ്യോഗസ്ഥർ കർഷകരെ ശ്വാസംമുട്ടിക്കുകയും ചെയ്യുന്നു.

നിർമ്മാണ നിരോധനം ഹൈറേഞ്ചിന്റെ വികസനത്തിന് വിലങ്ങു തടി ആവുകയാണ്. താമസത്തിനുള്ള വീട് നിർമ്മിക്കുന്നതിന് മാത്രമാണ് ഇപ്പോൾ അനുമതി ഉള്ളത്. കാർഷികവിളകൾക്ക് വിലയിടിയുന്ന ഈ കാലത്ത് വീട് മാത്രം നിർമ്മിച്ചു ജീവിക്കുന്നത് അസാധ്യമാണ്. 2010 ൽ മൂന്നാർ മേഖലയിലെ കയ്യേറ്റം കണ്ടെത്തി നടപടി സ്വീകരിക്കണമെന്ന് കേരള കൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് 2016 ജില്ലാ കളക്ടർ 8 വില്ലേജുകളിൽ നിർമ്മാണ നിരോധനം ഏർപ്പെടുത്തി. അതിൽ മൂന്നാറുമായി ബന്ധമില്ലാത്ത വില്ലേജുകളും ഉണ്ടായിരുന്നു എന്നത് വിചിത്രമാണ്. പിന്നീട് അതിന്റെ ചുവടുപിടിച്ച് 2019 ൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓർഡർ ഇറങ്ങി. അതിൽ പ്രകാരം ഇടുക്കി ജില്ല മുഴുവൻ നിർമ്മാണ നിരോധനം ഏർപ്പെടുത്തി. ഇപ്പോൾ ഇടുക്കിയിൽ 1964ലെ ഭൂപതിവ് ചട്ടപ്രകാരം പതിച്ചുകിട്ടിയ ഭൂമിയിൽ കൃഷി ചെയ്ത് താമസിക്കാം, എന്നാൽ വാണിജ്യ ആവശ്യത്തിനായി നിർമ്മാണം നടത്താൻ പാടില്ല. 1964 ചട്ടത്തിലെ ശുദ്ധ ഗതി ഇന്ന് ആപത്തായി മാറിയിരിക്കുന്നു. കാരണം കർഷകർക്ക് ഉറപ്പും സുരക്ഷിതത്വവും നൽകുന്നതിനാണ് താമസിച്ച് കൃഷി ചെയ്യാം എന്ന് രേഖപ്പെടുത്തിയത്. എന്നാൽ മറ്റു നിർമ്മിതികൾ പാടില്ല എന്ന് ചട്ടത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. അഞ്ചു പതിറ്റാണ്ടിനിപ്പുറത്ത് വാണിജ്യ മേഖലയിൽ വളർച്ചയുണ്ടായപ്പോൾ അതിനുള്ള സാധ്യതകളെ ബോധപൂർവ്വം തല്ലിക്കൊടുത്തുന്നത് ഒരു ജനതയോട് കാട്ടുന്ന അനീതിയാണ്.

2022 ഓഗസ്റ്റ് 30ന് ഹൈറേഞ്ചിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും റവന്യൂ മന്ത്രിയും നേരിട്ട് കാണുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. ജില്ലാ രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുമെന്ന് അവർ ഉറപ്പ് നൽകുകയും ചെയ്തു .ഉറപ്പ് ലഭിച്ചെങ്കിലും ജില്ലയിൽ കളക്ടറുടെയും സബ് കളക്ടർമാരുടെയും നേതൃത്വത്തിൽ നടപടികൾ തകൃതിയായി നടന്നു. 2022 സെപ്റ്റംബർ 25 ന് മുഖ്യമന്ത്രി ചെറുതോണിയിലെത്തിയപ്പോൾ വീണ്ടും അദ്ദേഹത്തെ കണ്ട് കാര്യങ്ങൾ ധരിപ്പിച്ചു. അപ്പോൾ തന്നെ അദ്ദേഹം കളക്ടറെ വിളിച്ചുവരുത്തി നിർദേശങ്ങൾ നൽകുകയും ചെയ്തു. മുഖ്യമന്ത്രി ജില്ലകടന്ന ഉടനെ കളക്ടറുടെയും സബ് കളക്ടറുടെയും നേതൃത്വത്തിൽ നടപടികൾ വീണ്ടുംആരംഭിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞാൽ അനുസരിക്കാത്ത ഉദ്യോഗസ്ഥർ കേരളത്തിൽ ഉണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. എങ്കിൽ ഒരു കാര്യം വ്യക്തമാകും, ഇവർ പറയുന്നത് നമ്മളെ കബളിപ്പിക്കാനാണ്. ഇവിടെ തെരുവുകളിൽ പരസ്പരം പോർ വിളിക്കുന്നതും നാട്ടിലെ ജനത്തെ കബളിപ്പിക്കുന്ന നടപടിയാണ്. ആയിരക്കണക്കിന് റിസോർട്ടുകൾ മൂന്നാർ മേഖലയിലും ജില്ലയിൽ ആകമാനവും ഉണ്ട് . അവരിൽനിന്ന് ഭീമമായ തുക സമാഹരിക്കുവാൻ രാഷ്ട്രീയക്കാർ ഉപയോഗിക്കുന്ന ആയുധമാണ് നിർമ്മാണ നിരോധന നിയമം എന്ന ഒരു ആക്ഷേപം ഇപ്പോൾ തലപൊക്കുന്നുണ്ട്. അത് വിശ്വസിക്കാതിരിക്കാൻ തരമില്ല. പണം മുടക്കിയവരും സാധാരണ കർഷകരും ഇവരുടെ ഈ ലാഭ നേട്ടങ്ങളുടെ ഇടയിൽ ഞെരുങ്ങുന്നു എന്നതാണ് സത്യം.


1964 ലെ ചട്ടത്തിന് അടിയന്തരമായി ഭേദഗതി വരുത്തണം. ജനത്തിന്റെ ആശങ്ക മാറ്റണം. മലയോര ജനതയുടെ വരുമാനം വർദ്ധിപ്പിക്കുകയും സംരംഭകർക്ക് സാധ്യതകൾ തുറക്കുകയും ചെയ്യണം. പരിഹരിക്കാവുന്ന ഭൂപ്രശ്നങ്ങൾ അനിയന്ത്രിതമായി വലിച്ചു നീട്ടി നാടിന്റെ വളർച്ചയെ സ്തംഭിപ്പിക്കുന്ന നടപടികൾ പ്രതിഷേധാർഹമാണ്. ശാശ്വത പരിഹാരങ്ങൾ വൈകുമ്പോൾ ഹൈറേഞ്ചിൽ വീണ്ടും അവകാശ സമരങ്ങൾ ചൂടുപിടിക്കും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കർഷകർ തെരുവിൽ തടയും.

# താളം തെറ്റുന്ന യുവത്വം

ഇന്ന് ലഹരി പൂക്കുന്ന കാലമാണ്. സ്കൂളുകളിലും കോളേജ് കാമ്പസുകളിലും ലഹരി പൂക്കുന്നു. മയക്കമരുന്നുകളുടെ ദുരുപയോഗം ആഗോളപ്രശ്നമായി മാറിയിരിക്കുന്നു. അമേരിക്ക, റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽ പോലും ഇതൊരു സാമൂഹിക പ്രശ്നമായി വളർന്നിരിക്കുന്നു. ലോകാരംഭം മുതൽ നിലനിൽക്കുന്ന ഈ മഹാവിപത്ത് രോഗങ്ങളെയും മരണത്തെപ്പോലും ക്ഷണിച്ചു വരുത്തി സംഹാരദൂതനെപ്പോലെ അരങ്ങ് വാഴുന്നു. അതിപ്രാചീനകാലത്ത് ലഹരിവസ്തുക്കളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യ വശങ്ങളെക്കുറിച്ചുള്ള ധാരണ വിരളമായിരുന്നു. ആചാരത്തിനോ, ആരാധനയ്ക്കോ മാന്യതയ്ക്കോ ആയി ഉപയോഗിച്ചിരുന്ന ഇത്തരം വസ്തുക്കൾ ഇന്ന് വരുത്തി വയ്ക്കുന്ന വിനാശങ്ങൾ ഏറെയാണ്.

ദാരിദ്ര്യത്തിനും സമനിലതെറ്റിയ ജീവിത വ്യാപാരങ്ങൾക്കും സദാചാരവിരുദ്ധങ്ങളായ കുറ്റവാസനകൾക്കും പിന്നിൽ മയക്കുമരുന്നകളാണെന്ന് വർത്തമാനകാലം തെളിയിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യർ ഭിന്ന സ്വഭാവക്കാരാണ്. ജീവിത രീതിയിലും സ്വഭാവത്തിലും നാം ഓരോത്തരും തമ്മിൽ വ്യത്യാസമുണ്ട്. നമ്മുടെ ജീവിതരീതികളിൽ ചിലത് ആരോഗ്യത്തെ പോഷിപ്പിക്കുമ്പോൾ മറ്റ് ചിലത് ആരോഗ്യത്തിന് ഭീഷണിയാവുന്നു. പുകവലി, മദ്യപാനം, മയക്കുമരുന്നുകൾ, പാൻമസാലകൾ എന്നിവയുടെ ഉപയോഗം മനുഷ്യാരോഗ്യത്തിനും, സമൂഹത്തിനും വലിയ ഭീഷണിയായി മാറുന്നു.ഇന്നത്തെ യുവതലമുറയെ വഴിതെറ്റിക്കുന്ന വളരെ അപകടകരമായ ഒരു ശീലമാണ് മയക്കുമരുന്നുകളുടെ ഉപയോഗം. ഒന്നോ രണ്ടോ പ്രാവിശ്യം ഉപയോഗിക്കുമ്പോൾ തന്നെ ഈ ശീലത്തിന് അടിമപ്പെടുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. വിവിധ തരത്തിലുള്ള മയക്കുമരുന്നുകളുടെ ഉപയോഗം മൂലം യുവതലമുറയിലെ ഒരു വലിയ വിഭാഗം തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വികസിത രാജ്യങ്ങളിൽ 30% മുതൽ 50% വരെ കുട്ടികൾ മയക്കുമരുന്നിന് അടിമകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മരിജുവാന കൊക്കയിൻ, ഓപ്പിയം, ഹെറോയിൻ, മോർഫിൻ, എം. എസ്. ഡി, ആഫിറ്റാമിൻ എന്നിവ മയക്കുമരുന്നുകൾക്ക് ഉദാഹരണമാണ്. ഇവയിൽ ചിലത് ഭയം, ഉൽക്കണ്ഠ, മതിഭ്രമം എന്നിവ ഉണ്ടാക്കുന്നു. കൂടാതെ ചിലത് നാഡീ വ്യൂഹത്തെ തളർത്തി. മയക്കമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഒരു കൗതുകത്തിന് വേണ്ടി തുടങ്ങുകയും പിന്നീട് പൂർണമായും അടിമപ്പെട്ട് പോകാൻ ഇടയുള്ളതുമാണ് ഇത്തരം ദുശ്ശീലങ്ങൾ. അന്യ സംസ്ഥാന തൊഴിലാളികളും മയക്കുമരുന്ന് മാഫിയകളുമാണ്. കേരളത്തിൽ ഇപ്പോൾ വ്യാപകമായി മയക്കുമരുന്നുകൾ വിതരണം ചെയ്യുന്നത്. ഇത് ഉപയോഗിക്കുന്ന യുവതലമുറയിലെ പലരും മാനസിക വിഭ്രാന്തിയിൽ അകപ്പെട്ട് മാനസിക രോഗികളാകുന്നു. ഒരു വിഭാഗം ആരോഗ്യം നഷ്ടപ്പെട്ട് മൃതപ്രായരായി മാറുന്നു. മറ്റൊരു കൂട്ടം സാമ്പത്തിക ബുദ്ധിമുട്ട് ഏറുമ്പോൾ കുറ്റകൃത്യങ്ങൾ ചെയ്ത് തടവറയിൽ എത്തിപ്പെടുന്നു.



**മയക്കുമരുന്നുകൾ ഉപയോഗിക്കാൻ പ്രേരകമാവുന്ന സാഹചര്യങ്ങൾ**

- തൊഴിലില്ലായ്മ
- മാതാപിതാക്കളുടെ നിയന്ത്രണമില്ലായ്മ
- മയക്കുമരുന്നുകളുടെ ലഭ്യത
- തകർന്ന കുടുംബ ബന്ധങ്ങൾ.
- നാഗരിക ജീവിതം
- ക്ലാസിൽ അനാവശ്യ കൂട്ടുകെട്ടിൽ എത്തിപ്പെടുക.
- ക്രിമിനലുകളുമായുള്ള ബന്ധം.
- അമിതമായ ധനാഗമ മാർഗങ്ങൾ
- ഭവനത്തിലെ സ്നേഹമില്ലായ്മ.
- കാമ്പസുകളിലെ പ്രണയ നൈരാശ്യം.
- ടി.വി, സീരിയൽ, മൊബൈൽ ഫോൺ മുതലായവയുടെ സ്വാധീനം.

**മയക്കുമരുന്നുകളുടെ ഉപയോഗം തടയാൻ ചില നിയന്ത്രണ പദ്ധതികൾ**

- കൗമാരക്കാർക്കായ് സ്കൂൾ, കോളേജ് തങ്ങൾ കേന്ദ്രീകരിച്ച് ശാസ്ത്രീയവും ചെറുതും വലുതുമായ ബോധവൽക്കരണ ക്ലാസുകൾ നൽകുക.
- മാതാപിതാക്കൾ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ ഇടയ്ക്കിടെ സന്ദർശിച്ച് അധ്യാപകരുമായി കുട്ടികളെപ്പറ്റി ചർച്ച ചെയ്യുക.
- ആവശ്യമുള്ള കുട്ടികൾക്കും കുടുംബങ്ങൾക്കും ചികിത്സാ സൗകര്യവും കൗൺസലിംഗും നൽകുക
- കുട്ടികൾക്ക് സ്നേഹം പകർന്നു നൽകുക. സ്നേഹിക്കപ്പെടുന്നുണ്ടെന്ന വിശ്വാസം ലക്ഷ്യബോധം നൽകാൻ പര്യാപ്തമാണ്. അർഹിക്കുന്ന അംഗീകാരവും പരിഗണനയും കുട്ടികൾക്ക് നിർബന്ധമായും നൽകിയിരിക്കണം.

# മൂത്രാശയ കല്ല് രോഗങ്ങളെ എങ്ങനെ നേരിടാം?



ഡോ . വിജയ് രാധാകൃഷ്ണൻ
സീനിയർ കൺസൾട്ടന്റ് – യൂറോളജി
മാർ സ്ലീവാ മെഡിസിറ്റി പാലാ

വിവിധതരം മൂത്രാശയ കല്ലുകൾ ഉണ്ട്. മനുഷ്യ ശരീരത്തിൽ പ്രധാനമായും നാല് തരം കല്ലുകൾ കാണപ്പെടുന്നു – കാൽസ്യം, യൂറിക് ആസിഡ്, സ്ട്രൂവൈറ്റ്, സിസ്റ്റൈൻ. വൃക്കയിലെ കല്ലുകളും യൂറിറ്ററിലെ (കിഡ്നിയിൽ നിന്നും മൂത്രസഞ്ചിയിലേക്ക് മൂത്രം വഹിച്ചുകൊണ്ട് പോകുന്ന മൂത്രവാഹിനി) കല്ലുകളും തമ്മിലുള്ള പ്രധാന വ്യത്യാസം അവ കാണപ്പെടുന്ന സ്ഥാനമാണ്. വൃക്കയിലെ കല്ലുകൾ മൂത്രനാളത്തിലേക്ക് കടന്നാൽ കടുത്ത വേദന ഉണ്ടാക്കും.വൃക്ക, യൂറിറ്റർ എന്നിവയിൽ കല്ലുകൾ ഉണ്ടെങ്കിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ വൃക്കയിലെ കല്ലുകൾ നിങ്ങളുടെ ശരീരത്തിൽ ഉണ്ടാവാം, പക്ഷേ അവ മൂത്രാശയത്തിലേക്ക് നീങ്ങുന്നില്ലെങ്കിൽ തടസ്സങ്ങളും ശക്തമായ വേദനയും ഉണ്ടാകണമെന്നില്ല. വൃക്കയിലെ കല്ലുകൾക്ക് നേരിയ വേദനയുണ്ടാകും. അതേ സമയം യൂറിറ്ററൽ കല്ലുകൾ, വളരെ ചെറിയവക്ക് പോലും കുത്തിവച്ചുള്ള വേദനസംഹാരികൾ ആവശ്യമുള്ളപോലുള്ള കഠിനമായ വേദനയ്ക്ക് കാരണമാകും.



## വിവിധതരം മൂത്രാശയ കല്ലുകൾ

മനുഷ്യ ശരീരത്തിൽ പ്രധാനമായും നാല് തരം കല്ലുകൾ കാണപ്പെടുന്നു – കാൽസ്യം, യൂറിക് ആസിഡ്, സ്ട്രൂവൈറ്റ്, സിസ്റ്റൈൻ. വൃക്കയിലെ കല്ലുകളും യൂറിറ്ററിലെ (കിഡ്നിയിൽ നിന്നും മൂത്രസഞ്ചിയിലേക്ക് മൂത്രം വഹിച്ചുകൊണ്ട് പോകുന്ന മൂത്രവാഹിനി) കല്ലുകളും തമ്മിലുള്ള പ്രധാന വ്യത്യാസം അവ കാണപ്പെടുന്ന സ്ഥാനമാണ്. വൃക്കയിലെ കല്ലുകൾ മൂത്രനാളത്തിലേക്ക് കടന്നാൽ കടുത്ത വേദന ഉണ്ടാക്കും.

## വൃക്ക, യൂറിറ്റർ എന്നിവയിൽ കല്ലുകൾ ഉണ്ടെങ്കിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ

വൃക്കയിലെ കല്ലുകൾ നിങ്ങളുടെ ശരീരത്തിൽ ഉണ്ടാവാം, പക്ഷേ അവ മൂത്രാശയത്തിലേക്ക് നീങ്ങുന്നില്ലെങ്കിൽ തടസ്സങ്ങളും ശക്തമായ വേദനയും ഉണ്ടാകണമെന്നില്ല. വൃക്കയിലെ കല്ലുകൾക്ക് നേരിയ വേദനയുണ്ടാകും. അതേ സമയം യൂറിറ്ററൽ കല്ലുകൾ, വളരെ ചെറിയവക്ക് പോലും കുത്തിവച്ചുള്ള വേദനസംഹാരികൾ ആവശ്യമുള്ളപോലുള്ള കഠിനമായ വേദനയ്ക്ക് കാരണമാകും

## കല്ലുകൾ ഉണ്ടെങ്കിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ

- കൊളുത്തിപിടിക്കുന്ന രീതിയിൽ വയറിന്റെ വശങ്ങളിലായുള്ള വേദന.
- പല ആവർത്തി മൂത്രമൊഴിക്കണമെന്ന തോന്നലും മൂത്രമൊഴിക്കുമ്പോൾ ഉള്ള വേദനയും.
- മൂത്രത്തിൽ രക്തത്തിന്റെ സാന്നിധ്യം.
- ഓക്കാനം, ഛർദ്ദി
- പനിയും വിറയലും

## വിവിധ രോഗനിർണയ രീതികൾ

വൃക്കയിലെയും യൂറിറ്ററിലെയും കല്ലുകളുടെ രോഗനിർണ്ണയോപാധികൾ താഴെപ്പറയുന്നവയാണ്.
- റേഡിയോളജി ഇമേജിംഗ് ടെസ്റ്റുകൾ – കല്ലുകളുടെ സാന്നിധ്യം കണ്ടെത്താൻ അൾട്രാസൗണ്ട് സ്കാൻ, എക്സ്-റേ, സിടി സ്കാൻ എന്നിവ ഉപയോഗിക്കുന്നു. എല്ലാത്തരം കല്ലുകളുടെയും എല്ലാ വലുപ്പത്തിലുള്ള കല്ലുകളുടെയും സാന്നിധ്യം കണ്ടുപിടിക്കാൻ അനുയോജ്യമായ സ്കാനാണ് സിടി.

## വൃക്ക / യൂറിറ്ററൽ കല്ലുകളുടെ ചികിത്സ

കല്ലുകളുടെ ചികിത്സ അവയുടെ വലുപ്പത്തെയും സ്ഥാനത്തെയും ആശ്രയിച്ചിരിക്കുന്നു. ചെറിയ കല്ലുകൾക്ക്, പ്രതിദിനം 2-3 ലിറ്റർ വെള്ളം കുടിക്കാൻ ഡോക്ടർമാർ ശുപാർശ ചെയ്യുന്നു, അതുവഴി മൂത്രത്തിലൂടെ കല്ല് പുറന്തള്ളപ്പെടും. കല്ല് പുറത്തേക്ക് പോകാനും വേദന കുറയ്ക്കാനും സഹായിക്കുന്ന മരുന്നുകളും ഡോക്ടർമാർ നിർദ്ദേശിച്ചേക്കാം.കല്ലുകൾ വലുതും സങ്കീർണതകൾ നിറഞ്ഞതുമാണെങ്കിൽ, യൂറോളജിസ്റ്റ് ഇനിപ്പറയുന്ന ചികിത്സാ രീതികൾ അവലംബിക്കും.

- R I R S റിട്രോഗ്രേഡ് ഇൻട്രാറീനൽ സർജറി – ഇത് വൃക്കയ്ക്കു മുകളിലെ യൂറിറ്ററിക് കല്ലിനുമുള്ള ചികിത്സയുടെ ഏറ്റവും നൂതനമായ ശസ്ത്രക്രിയാ രീതിയാണ് ഞങ്ങടെ. കല്ല് പൊടിക്കാൻ മൂത്രാശയത്തിലൂടെ സ്കോപ്പും ലേസറും കടത്തിവിട്ട് കല്ല് പൊടിക്കുന്ന രീതിയാണിത്. വൃക്കയിലെ വലിയ കല്ലുകൾ പോലും ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് പൊടിച്ചു നീക്കം ചെയ്യാനാകും. അധികം വേദനയോ, വൃക്കയ്ക്ക് മറ്റൊരു രീതിയിലുള്ള കേടുപാടുകളോ ഇല്ലാതെ രോഗി വേഗത്തിൽ സുഖം പ്രാപിക്കുന്നു. മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ഈ നൂതന ചികിത്സാരീതിക്ക് സൗകര്യമുണ്ടെന്നത് ശ്രദ്ധേയമാണ്.
- ഷോക്ക് വേവ് ലിത്തോട്രിപ്സി (ESWL) ഈ പ്രൊസീജിയറിൽ, ലിത്തോട്രിപ്റ്റർ എന്ന യന്ത്രം ഉപയോഗിക്കുന്നു, ഇത് ചർമ്മത്തിലൂടെ അൾട്രാസോണിക് തരംഗങ്ങൾ ഉപയോഗിച്ച് കല്ലിനെ ചെറിയ ഘടകങ്ങളായി വിഭജിക്കുന്നു. പൊടിച്ച കഷ്ണങ്ങൾ പിന്നീട് മൂത്രത്തിലൂടെ ശരീരത്തിൽ നിന്ന് പുറത്തേക്ക് പോകുന്നു.
- പെർക്കുറ്റേനിയസ് നെഫ്രോലിത്തോടോമി (PCNL) RIRS അല്ലെങ്കിൽ ESWL വഴി നീക്കം ചെയ്യാൻ സാധിക്കാത്ത വളരെ വലിയ കല്ലുകൾ നീക്കംചെയ്യാൻ ഉപയോഗിക്കുന്ന ഒരു എൻഡോസ്കോപ്പിക് രീതിയാണിത്. ഈ ശസ്ത്രക്രിയ ജനറൽ അനസ്തേഷ്യയുടെ സഹായത്തോടെയാണ് നടത്തുക.
- യൂറിറ്ററോസ്കോപ്പി (URS) കല്ല് കണ്ടെത്തുന്നതിനായി ഒരു യൂറിറ്ററോസ്കോപ്പ് മൂത്രനാളിയിലൂടെ കടത്തി വിടുകയും പിന്നീട് മറ്റൊരു ഉപകരണം ഉപയോഗിച്ച് കല്ലുകളെ പൊടിച്ച് നീക്കം ചെയ്യുകയും ചെയ്യുന്ന ചികിത്സാരീതിയാണിത്.

വൃക്കയിലും മൂത്രാശയത്തിലും കല്ലുകൾ രൂപപ്പെടുന്നത് തടയാൻ ശരീരത്തിലെ കല്ലുകൾ ഉണ്ടാകുന്നത് തടയുന്നതിന് ചില ജീവിതശൈലി മാറ്റങ്ങൾ ആവശ്യമാണ്. ധാരാളം വെള്ളം കുടിക്കുക, ഓക്സലേറ്റ് അടങ്ങിയ ഭക്ഷണങ്ങളുടെയും, മാംസത്തിന്റെയും ഉപയോഗം കുറയ്ക്കുക, ഉപ്പ് കഴിക്കുന്നത് കുറയ്ക്കുക, ശരീരഭാരം നിയന്ത്രിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.ആരോഗ്യകരമായ ജീവിതശൈലി നിലനിർത്തുക, അതോടൊപ്പം കല്ല് കണ്ടെത്തിയാൽ ഉടനടി വൈദ്യസഹായം സ്വീകരിക്കുക.




## "ESPERANZA 2022"

അടിമാലി KCYM യൂണിറ്റിലെ യുവജനങ്ങൾക്കായി ഒക്ടോബർ 21,22,23 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ *"ESPERANZA 2022"* എന്ന പേരിൽ ത്രിദിന ക്യാമ്പ് നടത്തപ്പെട്ടു. മാനന്തവാടി രൂപതാംഗമായ ഫാ. നോബിൾ പാറയ്ക്കൽ ക്യാമ്പ് നയിച്ചു. ക്യാമ്പിൽ 70 ഓളം യുവജനങ്ങൾ സംബന്ധിച്ചു. ഗ്രൂപ്പ് ആക്ടിവിറ്റീസ്, ഗെയിംസ് *Q&A* സെഷൻ , ആരാധന, കുമ്പസാരം, ഷെയറിങ് എന്നിവ ക്യാമ്പിന്റെ ഭാഗമായി. ക്യാമ്പ് കൂടുതൽ സജീവമാക്കുവാൻ കൾച്ചറൽ പ്രോഗ്രാമുകളും ക്യാമ്പ് ഫയറും നടത്തി. ജപമാല മാസാചരണത്തോടനുബന്ധിച്ച് ക്യാമ്പിന്റെ ഭാഗമായി യുവജനങ്ങളുടെ നേതൃത്വത്തിൽ റോസറി ഗാർഡനിൽ ജപമാല പ്രദക്ഷിണവും നടത്തി

# സി.എം.എൽ ഛായചിത്രപ്രയാണം : ഇടുക്കി രൂപതയിൽ സ്വീകരണം നൽകി



ചെറുപുഷ്പ മിഷൻലീഗിന്റെ 75-ാമത് വാർഷികത്തോടനുബന്ധിച്ച് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന മദ്ധ്യസ്ഥരുടെയും സ്ഥാപകരുടെയും ഛായചിത്രപ്രയാണം ഇടുക്കി രൂപതയിൽ എത്തിച്ചേർന്നു. കോതമംഗലം രൂപതയിൽ നിന്നുമാണ് ഇടുക്കി രൂപതയിലേക്ക് ഛായചിത്രപ്രയാണം കൈമാറിയത്. ഇടുക്കി രൂപതയിൽ എത്തിച്ചേർന്ന ഛായാചിത്രത്തെ രൂപത വികാരി ജനറാൾ മോൺ ജോസ് പ്ലാച്ചിക്കൽ, രൂപതാ ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കര, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെയിംസ് വട്ടക്കുന്നേൽ, ഫാ. ജേക്കബ് മങ്ങാടംപള്ളിൽ, പ്രസിഡന്റ് ജോർജുകുട്ടി പുന്നക്കുഴിയിൽ, രൂപതയിലെ മിഷൻലീഗ് പ്രവർത്തകർ എന്നിവർ ചേർന്ന് സ്വീകരിച്ചു. രൂപതയിലെ വൈദികരുടെയും സന്യസ്തരുടെയും വൈദികവിദ്യാർത്ഥികൾ, അത്മായ പ്രേഷിതർ എന്നിവരുടെയും മഹനീയ സാന്നിധ്യം ഉണ്ടായിരുന്നു.ഇടുക്കി രൂപതയിൽ വിവിധ മേഖലകളിലൂടെ ഒക്ടോബർ 18 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പ്രയാണം നടത്തി. മാങ്കുളം, കൂമ്പൻപാറ, നെടുങ്കണ്ടം, ഇരട്ടയാർ,കുഞ്ചിത്തണ്ണി, രാജാക്കാട്, വെള്ളത്തൂവൽ, തങ്കമണി, മുരിക്കാശ്ശേരി, പാറത്തോട്, വാഴത്തോപ്പ്,ചുരുളി, വെള്ളയാംകുടി എന്നീ മേഖലയിൽ പ്രയാണം നടത്തി, മുളകരമേട് ദേവാലയത്തിൽ സമാപിപ്പിച്ച് കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ഛായചിത്രം കൈമാറി.

# മാർപ്പാപ്പയോട് ചേർന്ന് ജപമാല ചൊല്ലി ഇടുക്കി രൂപതയിലെ കുഞ്ഞുങ്ങൾ



*രാജകുമാരി ദൈവമാതാ പള്ളിയിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുട്ടികൾ*

വത്തിക്കാനിൽ നിന്നും മാർപാപ്പയുടെ നിർദ്ദേശം അനുസരിച്ച് ഒക്ടോബർ പതിനെട്ടാം തീയതി ഇടുക്കി രൂപതയിലെ തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ്,കെ സി എസ് എൽ സംഘടനകളിലെ കുട്ടികൾ ചേർന്ന് 23000 ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ലോക സമാധാനത്തിനും ഐക്യത്തിനും അതോടൊപ്പം ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ദൈവത്തിൽ വിശ്വസിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക എന്നീ നിയോഗങ്ങളുമായാണ് ജപമാല ചൊല്ലി പ്രാർത്ഥിച്ചത്. തിരുബാലസഖ്യം, ചെറുപുഷ്പ മിഷൻലീഗ് സംഘടനകളിലെ കുട്ടികൾ അവരവരുടെ ഇടവകകളിലും കെ സി എസ് എൽ അംഗങ്ങൾ സ്കൂളുകളിലുമായാണ് പ്രാർത്ഥന നടത്തിയത്. അതോടൊപ്പം ഈ നിയോഗാർത്ഥം വീടുകളിലും അന്നേദിവസം കുട്ടികൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സഭ ഒരുപാട് വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ജപമാല എന്ന ആയുധവുമായി തിന്മയ്ക്കെതിരെ പോരാടുവാനും പരി. അമ്മയോട് ചേർന്ന് ജീവിക്കുവാനും കുഞ്ഞുങ്ങളെ പ്രാപ്തരാക്കുകയെന്നത് കാലഘട്ടത്തിന്റെ ആവശ്യവും ഒപ്പം അവർക്കൊരു പ്രചോദനവും കൂടിയാണ്.

# ജപമാല മാസാചരണം ഭക്തിസാന്ദ്രമാക്കി ഇടവകകൾ

പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന മാസമാണ് ഒക്ടോബർ. രണ്ടുവർഷത്തെ കോവിഡ് കാലയളവിന് ശേഷം സാധാരണഗതിയിലേക്ക് എത്തി ദേവാലയങ്ങളും കൂട്ടായ്മകളും സജീവമാകുന്ന കാലമാണിത്. ഇതിൽ കൂടുതൽ ജീവൻ പ്രദാനം ചെയ്യുന്നതാണ് ജപമാല മാസാചരണം. എല്ലാ ഇടവകകളിലും വിപുലമായ പരിപാടികളോടെ ജപമാല മാസാചരണം നടത്തുന്നു. കൂട്ടായ്മകളിൽ വലിയ ജനപങ്കാളിത്തത്തോടെ മാതാവിന്റെ തിരുസ്വരൂപവുമായി മിക്ക ഇടവകകളിലും ജപമാല പ്രാർത്ഥന ആചരണം നടത്തുന്നു.




*ഈട്ടിത്തോപ്പ് ദേവാലയത്തിൽ ജപമാല മാസാചരണത്തിന് ഇടവക വികാരി ഫാ. ബോബി വെങ്ങാലൂർ നേതൃത്വം നൽകുന്നു*




# ആവേശമായി YES പുതിയ ബാച്ച് ആരംഭിച്ചു.



ക്രിസ്തുജ്യോതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന YES പരിശീലന പരിപാടിയുടെ പുതിയ ബാച്ച് പ്രവർത്തനം ആരംഭിച്ചു. 120 പേരടങ്ങിയ പുതിയ ബാച്ചിന്റെ ക്യാമ്പ് രാജമുടി മാർസ്ലീവാ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഏഴാം ക്ലാസ്സിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് തുടർച്ചയായി ആറുവർഷങ്ങളിലായി നൽകുന്ന പരിശീലന പരിപാടിയാണ് YES. 2017ൽ ആരംഭിച്ച YES ന്റെ ഏഴാമത്തെ ബാച്ചാണിത്. ശ്രീ.ജെയ്സൺ അറയ്ക്കൽ, ശ്രീ.മാത്യൂസ് ഐക്കര എന്നിവർ നേതൃത്വം നൽകി.



*കെ.സി.എസ്.എൽ ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ നടന്ന Enlight ആത്മീയ ഒരുക്ക ധ്യാനത്തിന് ഇടുക്കി രൂപത കോർപ്പറേറ്റ് മാനേജർ റവ ഡോ. ഫാ. ജോർജ് തകടിയേൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുന്നു*

CAREER CORNER

# നിയമപഠനത്തിന് വഴിതുറന്ന് ക്ലാറ്റ് 2023



വിശാലമായ സാധ്യതകളിലേക്ക് ജാലകം തുറക്കുന്ന ആകർഷകമായ പഠനമേഖലയാണ് നിയമം. കോടതി കേസുകളിലെ വ്യവഹാരങ്ങളിൽ ഇടപെട്ട് പ്രാവീണ്യം തെളിയിക്കാനുള്ള സാധ്യതകളേറെയുണ്ടെങ്കിലും അതിനുമപ്പുറമുള്ള മേഖലകളിലേക്ക് കൂടി അവസരങ്ങളുടെ ചക്രവാളങ്ങൾ വികസിച്ചിട്ടുണ്ട്. നിയമബിരുദ യോഗ്യതയുള്ളവർക്ക് മത്സരപ്പരീക്ഷകളിൽ മികവ് തെളിയിച്ച് സംസ്ഥാന,കേന്ദ്ര സർക്കാർ സർവീസിൽ ജോലി നേടാനവസരമുണ്ട്. മറ്റു യോഗ്യതകൾക്കനുസൃതമായി കീഴ്ക്കോടതികളിലും മേൽക്കോടതികളിലും ജഡ്ജ്, പബ്ലിക് പ്രോസിക്യൂട്ടർ, സ്റ്റാൻഡിങ് കോൺസൽ തുടങ്ങിയ പദവികളലങ്കരിക്കാം. സേനകളിലെ ജഡ്ജ്, അഡ്വക്കേറ്റ് ജനറൽ ഒരു പ്രധാന സാധ്യതയാണ്. കമ്പനി സെക്രട്ടറി യോഗ്യത കൂടി നേടി കരിയറിൽ തിളങ്ങുന്ന നിയമ ബിരുദധാരികൾ ഏറെയുണ്ടിപ്പോൾ സിവിൽ സർവീസ്, ബിരുദം യോഗ്യതയായുള്ള മറ്റു ജോലികൾ എന്നിവയും ആലോചിക്കാവുന്നതാണ്. ഉപരിയോഗ്യതകൾ നേടി അധ്യാപനവും തിരഞ്ഞെടുക്കാം.

രാജ്യത്തെ 22 ദേശീയ നിയമസർവകലാശാലകളിലെ ബിരുദ, പി.ജി. കോഴ്സുകളിലെ പ്രവേശനത്തിനായുള്ള കോമൺ ലോ അഡ്മിഷൻ ടെസ്റ്റിന് (ക്ലാറ്റ്) *consortiumofnlus.ac.in* വഴി നവംബർ 13 വരെ അപേക്ഷിക്കാം.

## ദേശീയ നിയമ സർവകലാശാലകൾ

കൊച്ചി, ബംഗളൂരു, ഹൈദരാബാദ്, ഭോപ്പാൽ, കൊൽക്കത്ത, ജോധ്പുർ, റായ്പുർ, ഗാന്ധിനഗർ, ലഖ്നൗ, പഞ്ചാബ്, പട്ന, ഒഡിഷ, റാഞ്ചി, അസം, വിശാഖപട്ടണം, തിരുച്ചിറപ്പള്ളി, മുംബൈ, നാഗ്പുർ, ഔറംഗാബാദ്,ഷിംല, ജബൽപുർ, ഹരിയാന.

## ബിരുദ കോഴ്സുകൾ

- ബി.എ. എൽഎൽ.ബി. (ഓണേഴ്സ്), എല്ലാ സർവകലാശാലകളിലുമുണ്ട്.
- ബി.ബി.എ. എൽഎൽ.ബി. (ഓണേഴ്സ് ജോധ്പുർ, ഗാന്ധിനഗർ)
- ബി.എസ്സി. എൽഎൽ.ബി, ഗാന്ധിനഗർ
- ബി.കോം എൽഎൽ.ബി. ഗാന്ധിനഗർ, തിരുച്ചിറപ്പള്ളി
- ബി.എസ്.ഡബ്ല്യു. എൽഎൽ.ബി. ഗാന്ധിനഗർ.

## പി. ജി കോഴ്സുകൾ

- എൽ.എൽ.എം. ഹരിയാന ഒഴികെയുള്ള എല്ലാ സർവകലാശാലകളിലും

## പരീക്ഷ

ക്ലാറ്റ് ഡിസംബർ 18-നാണ്. യു.ജി. ക്ലാറ്റിന് ഒരുമാർക്കുവീതമുള്ള 150 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ടാകും. ഇംഗ്ലീഷ് ഭാഷ (20 ശതമാനം വെയ്റ്റേജ്), കറന്റ് അഫയേഴ്സ് (ജനറൽനോളജ് ഉൾപ്പെടെ) (25 ശതമാനം), ലീഗൽ റീസണിങ് (25 ശതമാനം), ലോജിക്കൽ റീസണിങ് (20 ശതമാനം), ക്വാണ്ടിറ്റേറ്റീവ് ടെക്നിക്സ് (10 ശതമാനം) എന്നിവയിൽനിന്നുമായിരിക്കും ചോദ്യങ്ങൾ. ഉത്തരം തെറ്റിയാൽ കാൽമാർക്കുവീതം നഷ്ടപ്പെടും. പി.ജി. ക്ലാറ്റിന് പരമാവധി മാർക്ക് 120 ആണ്. ഒരുമാർക്കുവീതമുള്ള 120 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ടാകും. കോൺസ്റ്റിറ്റ്യൂഷണൽ ലോ, ജൂറിഡൻസ്, അഡ്മിനിസ്ട്രേറ്റീവ് ലോ, ലോ ഓഫ് കോൺട്രാക്ട്, കോർട്സ്, ഫാമിലി ലോ, ക്രിമിനൽ ലോ, പ്രോപ്പർട്ടി ലോ, കമ്പനി ലോ, പബ്ലിക് ഇന്റർനാഷണൽ ലോ, ടാക്സ് ലോ, എൻവയൺമെന്റൽ ലോ, ലേബർ ആൻഡ് ഇൻഡസ്ട്രിയൽ ലോ എന്നിവയിൽനിന്ന് ചോദ്യങ്ങൾ പ്രതീക്ഷിക്കാം. ഉത്തരംതെറ്റിയാൽ കാൽമാർക്കുവീതം നഷ്ടപ്പെടും. വിശദാംശങ്ങൾ സൈറ്റിലുണ്ട്.

## പ്രവേശനം മറ്റുസ്ഥാപനങ്ങളിലും

**ക്ലാറ്റ് വഴി യു.ജി. സ്കോർ/റാങ്ക് പരിഗണിച്ച് മറ്റുചില സ്ഥാപനങ്ങൾ:**

- ഹൈദരാബാദിലെ നാഷണൽ അക്കാദമി ഓഫ് ലീഗൽ സ്റ്റഡീസ് ആൻഡ് റിസർച്ച് (നൾസാർ) യൂണിവേഴ്സിറ്റി ഓഫ് ലോയിലെ മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പ് നടത്തുന്ന അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (ഐ.പി.എം.) പ്രവേശനത്തിന് പരിഗണിച്ച ഒരു യോഗ്യതാപരീക്ഷാ സ്കോർ ക്ലാറ്റ് യു.ജി. ആയിരുന്നു.
- റോഹ്തക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ.ഐ.എം.) നടത്തുന്ന അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഇൻ ലോ (ഐ.പി.എൽ.)
- നാഗ്പുർ മഹാരാഷ്ട്ര നാഷണൽ ലോ യൂണിവേഴ്സിറ്റിയിൽ പ്രത്യേകം അപേക്ഷ ക്ഷണിച്ച് പ്രവേശനം നടത്തുന്ന അഞ്ചുവർഷ ബി.എ.എൽഎൽ.ബി. (ഓണേഴ്സ്) അഡ്ജുഡിക്കേഷൻ ആൻഡ് ജസ്റ്റിസിങ് പ്രോഗ്രാം
- നാഷണൽ ഫൊറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയുടെ അഞ്ചുവർഷ ഇന്റഗ്രേറ്റഡ് ലോ പ്രോഗ്രാം.

4000 രൂപയാണ് പരീക്ഷാ ഫീസ്. മുൻവർഷങ്ങളിലെ ചോദ്യപേപ്പർ കൂടി വേണമെങ്കിൽ 500 രൂപ അധികമായി ഒടുക്കണം. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കോയമ്പത്തൂർ, മംഗപുരം, ചെന്നൈ, ബംഗളൂരു എന്നിവയട മൈസൂർ, എൺപതോളം പരീക്ഷ കേന്ദ്രങ്ങളുണ്ട്. മുൻഗണനാ അടിസ്ഥാനത്തിൽ മൂന്ന് കേന്ദ്രങ്ങൾ തിരഞ്ഞെടുക്കണം.

• **ബിബിൻ മോൻ വർഗീസ്**
**62 82 77 65 83**

# അവാർഡ് തിളക്കത്തിൽ മാർ സ്ലീവാ കോളേജ് രാജമുടി



ദീപികയുടെ നേതൃത്വത്തിൽ കട്ടപ്പനയിൽ നടന്ന ഇടുക്കി ജില്ല സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ Excellence in Education Promotion Award രാജമുടി മാർ സ്ലീവാ കോളേജ് കരസ്ഥമാക്കി. സുൽത്താൻ ബത്തേരി ഡോൺ ബോസ്കോ കോളേജിൽ വെച്ച് നടത്തപ്പെട്ട ദേശീയ സെമിനാറിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ ഒന്നാം സമ്മാനവും എവറോളിംഗ് ട്രോഫിയും രാജമുടി മാർ സ്ലീവ കോളേജിലെ സോഷ്യൽ വർക്ക് വിഭാഗം കരസ്ഥമാക്കി. നാടൻ പാട്ട് മത്സരത്തിൽ ഒന്നാം സ്ഥാനവും, മൈം മത്സരത്തിൽ രണ്ടാം സ്ഥാനവും, ആൺകുട്ടികളുടെ വിഭാഗം വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനവും, പെൺകുട്ടികളുടെ വിഭാഗം വടംവലി മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളും കൂടാതെ ട്രഷർ ഹണ്ട് മത്സരത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

*ദീപിക Excellence in Education Promotion Award മാർ മാത്യു അറയ്ക്കൽ പിതാവിൽ നിന്ന് കോളേജ് അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് തൂമ്പുങ്കൽ ഏറ്റുവാങ്ങുന്നു*

MAR SLEEVA CIVIL SERVICE ACADEMY
- Prelims Cum Mains Foundation Course
- Three Year course
- Online and Offline Sessions
- 240 Sessions
- Study Material
- Mock Exams
- Personality Development Classes
- Benefical for UPSC, PSC, SSC & KAS Exams
- Affordable course Fee

Admission Started
95 67 18 49 02, 96 33 16 10 31

വിവാഹ ഒരുക്ക സെമിനാർ
ആത്മജ്യോതി അടിമാലി
നവംബർ 11-13
രജിസ്ട്രേഷൻ എല്ലാ മാസവും 1,2 തീയതികളിൽ
Contact 9447413328, 8078755919, 6235931254

# മിഷൻ ഞായറിനെപ്പറ്റി ഓർക്കുമ്പോൾ





റവ. ഡോ. ബെന്നോ പുതിയാപറമ്പിൽ
പ്രിൻസിപ്പൽ,
പാവനാത്മാ കോളേജ് മുരിക്കാശ്ശേരി

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15), ഭക്ഷണ മേശയിലിരുന്ന് തന്റെ പതിനൊന്ന് ശിഷ്യരോട് പറഞ്ഞ വാക്കുകൾ ഇന്നും സഭാതനയർ അനുസരിക്കുന്നു, പ്രഘോഷിക്കുന്നു. രണ്ടായിരം വർഷം മുമ്പ് ദിവ്യനാഥനിൽ നിന്നുകേട്ട വചനത്തിന്റെ പൊരുൾ മനസ്സിലാക്കി ഭാരതത്തിലേക്ക് താൻ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സുവിശേഷത്തിന്റെ മഹനീയ സാക്ഷ്യം നൽകിയ വി. തോമാശ്ലീഹായുടെ 90-ാം മരണ വാർഷികം ഭാരതസഭയെ സംബന്ധിച്ചിടത്തോളം മിഷൻ ഞായർ ഏറെ പ്രസക്തമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും തന്റെ സന്ദേശം പ്രചരിപ്പിക്കണമെന്ന് യേശു അവസാനംവരെ ആഗ്രഹിച്ചിരുന്നു. എല്ലാ സൃഷ്ടികളോടും പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു. മാത്രമല്ല എന്തു സുവിശേഷമാണ് നൽകേണ്ടതെന്നും അവിടുന്ന് തന്റെ ജീവിത മാതൃകകൊണ്ട് വ്യക്തമാക്കിയതിനു ശേഷമാണ് ശിഷ്യന്മാരെ യാത്രയാക്കുന്നത്. ഈ മിഷൻ ഞായർ ആചരിക്കുന്നവേളയിൽ ഭാരതസഭ എത്രമാത്രം ഗുരുവിന്റെ വാക്കുകളോട് നീതി പുലർത്തുന്നു എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.

## നാം അയക്കപ്പെട്ടവർ

സഭയെ സംബന്ധിച്ചിടത്തോളം ഇന്നു നാം കേൾക്കുന്ന ഏറ്റവും വലിയ പരാതി കാക്കനാടൻ ഉഷ്ണമേഖല എന്നു നേബലിൽ പറയുന്നതുപോലെ കൊന്ന തെങ്ങുപോലെ വളർന്നുപൊങ്ങിയ പ്രസ്ഥാനം അടിവേരുകൾ മറന്നിരിക്കുന്നു. എന്നാണ്. ആയിരക്കണക്കിന് മിഷനറിമാരുടെ ജീവിത ത്യാഗത്തിന്റെ നല്ല ഫലങ്ങളാണ് ഇന്ന് നാം അനുഭവിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് അമേരിക്കക്കാർ കടലിൽ തള്ളാൻ കൊണ്ടു പോയ ഗോതമ്പുചാക്കുകളും എണ്ണപ്പാട്ടകളും ഇരന്നുവാങ്ങി ക്ഷാമകാലത്ത് ഹൈറേഞ്ചിലെ കുടിയേറ്റ മക്കൾക്ക് വിതരണം ചെയ്ത് പണിതുയർത്തിയ വീഥികളിലൂടെയാണ് നാം നടക്കുന്നത് എന്നത് പലപ്പോഴും വിസ്മരിക്കുന്നു. മലബാറിലേക്കും ഹൈറേഞ്ചിലേക്കും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും കുടിയേറിയ ആയിരക്കണക്കിനാളുകൾക്ക് ചോരയും നീരും നൽകി നേതൃത്വം നൽകിയ ആദ്യകാല മിഷണറിമാർ പലപ്പോഴും വിസ്മരിക്കപ്പെടുന്നു. അവരുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വഴി സമൂഹത്തിനുണ്ടായ മാറ്റം ഇന്ന് പലരും തമസ്കരിക്കുന്നു. എല്ലാം ഉപേക്ഷിച്ച് എല്ലാവർക്കും വേണ്ടി എല്ലാമാകാൻ ഇറങ്ങി പുറപ്പെട്ട ഭാരതസഭയിലെ നിരവധി വൈദികരുടേയും സന്യസ്തരുടേയും വിയർപ്പുവീണ മണ്ണിലാണ് നമ്മുടെ സഭാസൗധങ്ങൾ ഉയർത്തപ്പെട്ടിരിക്കുന്നതെന്ന് നന്ദിയോടെ ഓർക്കാം. എല്ലാ ക്രൈസ്തവരും അയക്കപ്പെട്ടതാണ്. നമ്മുക്ക് ഇവിടെ സ്ഥിരമായ വാസസ്ഥലങ്ങളില്ല. മിഷൻ പ്രവർത്തനം എല്ലാവരുടേയും കടമയാണ്. നീതിമാനായ ന്യായാധിപൻ അന്ത്യവിധിയുടെ സമയത്ത് 5 താലന്തുവർദ്ധിപ്പിച്ച് 10 താലന്താക്കിയ ഭൃത്യനോട് പറയുന്നതുപോലെ നല്ലവനും വിശ്വസ്തനുമായ ഭൃത്യനായിരിക്കാനും ചെറിയ കാര്യങ്ങളിൽ വിശ്വസ്ത പുലർത്താനും യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കാനും വിളിക്കപ്പെട്ടവരാണെന്ന ബോധം നമ്മെ കർമ്മനിരതരാക്കാൻ സഹായിക്കും. ജീവിതത്തിന്റെ ഏതു കർമ്മമണ്ഡലത്തിലും നാം ഈ ഭൂമിയിലേക്ക് അയക്കപ്പെട്ടവരാണ് എന്ന് ഓർക്കാം.

## എല്ലാ സൃഷ്ടികളോടും പ്രഘോഷിക്കുക

ദിവ്യനാഥൻ തന്റെ ശിഷ്യന്മാർക്കു കൊടുത്ത രണ്ടാമത്തെ ദൗത്യമാണ് എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്നത്. ഇവിടെയാണ് നമ്മുടെ അസ്തിത്വത്തിന്റെ പൊരുൾ നാം മനസ്സിലാക്കേണ്ടത്. നാം ജീവിക്കുന്ന ഇടങ്ങൾ ദൈവത്തിന്റെ സൃഷ്ടിജാലങ്ങളാൽ നിറയപ്പെട്ടതാണ്. ദേവാലയത്തിൽ നിന്ന് പുരോഹിതൻ തന്റെ അജഗണങ്ങളോടുമാത്രമല്ല പ്രഘോഷിക്കേണ്ടത്. ധ്യാനകേന്ദ്രങ്ങൾ മാത്രമല്ല സുവിശേഷ പ്രസംഗത്തിന്റെ വേദികൾ, മറിച്ച് ഓരോ വ്യക്തിയും അവൻ ആയിരിക്കുന്ന കർമ്മമണ്ഡലങ്ങളിൽ ഗുരുവിന്റെ സന്ദേശം മാതൃകയാക്കുമ്പോഴാണ് പ്രഘോഷണം നടക്കുന്നത്. കുടുംബനാഥൻ തന്റെ മക്കളുടെ മുമ്പിൽ, ഭാര്യയുടെ മുമ്പിൽ നീതിപുലർത്തി ജീവിക്കുമ്പോൾ അദ്ദേഹം മിഷനറിയായിത്തീരുന്നു. ഒരധ്യാപകൻ തന്റെ വിദ്യാർത്ഥികളുടെ മുമ്പിൽ മാതൃകാപൂർണ മായി ജീവിക്കുമ്പോൾ അത് എല്ലാ സൃഷ്ടികളോടുമുള്ള പ്രസംഗമായി മാറുന്നു. ദേവാലയ: കേന്ദ്രീകൃത മിഷൻ പ്രസംഗങ്ങളെക്കാൾ ഇന്ന് സഭക്കാവശ്യം ജീവിക്കുന്ന മാതൃകകളാണ്. തന്റെ ചുറ്റുമുള്ള ആയിരക്കണക്കിന് കുഷ്ഠരോഗികൾക്ക് ആശ്വാസമായ മദർ തെരേസയും നിശബ്ദസഹനംകൊണ്ട് സാക്ഷ്യം നൽകിയ അൽഫോൻസാമ്മയും എല്ലാം സഹിക്കാൻ തയ്യാറായ ദേവസഹായം പിള്ളയുമൊക്കെ ഇത്തരത്തിൽ ഓരോ ഭാരതീയനും പ്രദനമാണ്. ഗുരു ആരേയും മാറ്റി നിർത്താതെ പരിഗണിച്ചതുപോലെ എല്ലാവരേയും പരിഗനിക്കാൻ ഈ മിഷൻ ഞായർ നമ്മെ സഹായിക്കട്ടെ

## സുവിശേഷം പ്രസംഗിക്കുക.

ഗുരു ഏൽപിച്ച മൂന്നാമത്തെ ദൗത്യം സുവിശേഷം പ്രസംഗിക്കലാണ്. ഓരോ വ്യക്തിയും താനനുഭവിച്ചറിഞ്ഞ ചൈതന്യത്തെപ്പറ്റി മറ്റുള്ളവരോട് പങ്കുവയ്ക്കുന്നതാണ് യഥാർത്ഥ സുവിശേഷം. കഴിഞ്ഞ ദിവസം വാട്സാപ്പിൽ പങ്കുവയ്ക്കപ്പെട്ട ജോണി ആന്റണിയുടെ ഇന്റർവ്യൂവിൽ ഉറക്കെ പറയുന്ന കാര്യം തന്റെ ജീവിതത്തിൽ മാതാപിതാക്കളേയും ഗുരുക്കന്മാരേയുംകാൾ അതുക്കും മേലെ നിൽക്കുന്നത് ഉടയതമ്പുരാനാണ് എന്നാണ് ദൈവത്തെ കൂടാതെ തനിക്ക് ഒരു ഉയർച്ചയും ആവശ്യമില്ല എന്ന് ഉറക്കെ പ്രഘോഷിക്കുന്ന ഒരു ഉത്തമ ക്രൈസ്തവൻ. ഏതു വ്യക്തിയെ സംബന്ധിച്ചും തന്റെ ജീവിതത്തിൽ ലഭിച്ച അനുഗ്രഹങ്ങളെപ്പറ്റി ഓർക്കുമ്പോഴാണ് നല്ല വാക്കുകൾ പറയാൻ തോന്നുന്നത്. ഭാരതത്തിന്റെ ചേരികളിൽ ജനിച്ച് ഒരുനേരത്തെ ആഹാരത്തിനായി അന്യന്റെ നേരെ കൈനീട്ടുന്ന ആയിരക്കണക്കിന് ആളുകൾ ജീവിക്കുന്ന ഒരു നാട്ടിൽ സ്ഥിരതയോട് ജീവിക്കുന്ന നമ്മൾ നന്ദിയുള്ളവരാകുമ്പോഴാണ് സുവിശേഷം പ്രസംഗിക്കപ്പെടുന്നത്. അതിനുവേണ്ടി നമ്മുടെയൊക്കെ ടൗണുകളിൽ കടത്തിണ്ണകളിൽ കാത്തിരിക്കുന്ന ബംഗാളി ബാലന്മാരുടെ കണ്ണുകളിലേക്ക് നോക്കുമ്പോൾ ഉള്ളുനീറുന്ന അനുഭവത്തോടെ ഉടയ തമ്പുരാനോട് നന്ദി പ്രകാശിപ്പിക്കുമ്പോഴാണ് മിഷൻ പ്രവർത്തനം നടക്കുന്നത്. കയറി ക്കിടക്കാൻ ഇടമില്ലാതെ പാതയോത്തും പാലത്തിനടിയിലും പടുത വലിച്ചുകെട്ടി കിട ക്കുന്ന മനുഷ്യ കോലങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ നമ്മുടെ സുസ്ഥിരതയെപ്പറ്റി ഓർത്ത് നന്ദിയുള്ളവരാകാം. മിഷൻ ഞായർ ആചരിക്കുമ്പോൾ 1950 വർഷങ്ങൾക്കു മുമ്പ് തന്റെ നാഥനിൽ നിന്ന് ലഭിച്ച അനുഭവം പകർന്നുതന്ന തോമാശ്ലീഹായുടെ ഓർമ്മകൾക്കു മുമ്പിൽ നമ്രശിരസ്കരായി നിന്ന് നല്ല ദൈവത്തിന് നന്ദി പ്രകാശിപ്പിക്കാം.

# ആവേശമുണർത്തി കെ.സി.എസ്.എൽ ഇടുക്കി രൂപതാ കലോത്സവം

കെ സി എസ് എൽ രൂപതാ കലോത്സവം മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ നടന്നു. രാവിലെ 9.30ന് കെ സി എസ് എൽ രൂപതാ ചെയർമാൻ അൻസൽ ജോജോ പതാക ഉയർത്തി ആരംഭിച്ച മത്സരങ്ങൾ മുരിക്കാശ്ശേരി സ്കൂൾ മാനേജർ വെരി.റവ. ഫാ. ജോസ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി മുപ്പത് ഇനങ്ങളിലായി ആയിരത്തോളം മത്സരാർത്ഥികൾ പങ്കെടുത്ത രൂപതാ കലോത്സവം വൈകിട്ട് 4 മണിയോടെ അവസാനിച്ചു. മത്സരത്തിൽ വിജയിച്ചവർക്ക് രൂപതാ വികാരി ജനറാൾ വെരി.റവ.ഫാ. ജോസ് പ്ലാച്ചിക്കൽ ചാൻസലർ വെരി. റവ.ഫാ. തോമസ് പഞ്ഞിക്കുന്നേൽ എന്നിവർ സമ്മാനദാനം നടത്തി. അത്യന്തം ആവേശകരമായി നടന്ന മത്സരങ്ങളിൽ യു.പി,ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി യഥാക്രമം സെന്റ് സെബാസ്റ്റ്യൻസ് നെടുങ്കണ്ടം, സെന്റ് തോമസ് ഇരട്ടയാർ, സെന്റ് മേരീസ് മുരിക്കാശ്ശേരി എന്നീ സ്കൂളുകൾ മികച്ച സ്കൂളുകളായി തെരഞ്ഞെടുക്കപ്പെട്ടു.



കെ സി എസ് എൽ ഇടുക്കി രൂപതാ കലോത്സവത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ചാമ്പ്യന്മാരായ മുരിക്കാശ്ശേരി സെന്റ് മേരീസ് സ്കൂൾ ടീം രൂപതാ ചാൻസലർ ഫാ.തോമസ് പഞ്ഞിക്കുന്നേലിൽ നിന്നും ട്രോഫി ഏറ്റുവാങ്ങുന്നു




Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala, Printed at Viani Printings, Viani Road, Ernakulam North P.B.No.3062, Kochi-18 Kerala, India. Published from Christujyothi Pastoral Centre, Editor: Fr Jins Karakkattu